REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 23-06-2025 | സമയം 06.45 AM

## പ്രധാന വാർത്തകൾ

- നിലമ്പൂർ ആർക്കൊപ്പം നിൽക്കുമെന്ന് ഇന്നറിയാം. ഉപതിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ രാവിലെ എട്ടിന് ചുങ്കത്തറ മാർത്തോമ്മ ഹയർസെക്കൻഡറി സ്കൂളിൽ തുടങ്ങും.
- സർവകലാശാലാ വൈസ് ചാൻസലർമാരുടെ ദ്വിദിന ദേശീയസമ്മേളനം ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ ഇന്ന് നോയിഡയിൽ ഉദ്ഘാടനം ചെയ്യും.
- പാർലമെന്റ് സംസ്ഥാന നിയമസഭാ എസ്റ്റിമേറ്റ് കമ്മിറ്റികളുടെ രണ്ട് ദിവസത്തെ ദേശീയ സമ്മേളനം ഇന്ന് മുംബൈയിൽ.
- ഇന്ന് അന്താരാഷ്ട്ര ഒളിമ്പിക് ദിനം.
- ഇന്ത്യ-ഇംഗ്ലണ്ട് ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫി ക്രിക്കറ്റ് ടെസ്റ്റിൽ ഒന്നാം ഇന്നിങ്സിൽ ഇന്ത്യക്ക് ലീഡ്.

## വാർത്തകൾ വിശദമായി

നിലമ്പൂർ ആർക്കൊപ്പം നിൽക്കുമെന്ന് ഇന്ന് അറിയാം. LDF സ്ഥാനാർത്ഥി CPIM ലെ M സ്വരാജും, UDF ലെ ആര്യാടൻ ഷൗക്കത്തും, NDA യിലെ മോഹൻ ജോർജും, സ്വതന്ത്രൻ PV അൻവറും തമ്മിലാണ് പ്രധാന മത്സരം. ഉപതിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ രാവിലെ എട്ടിന് ചുങ്കത്തറ മാർത്തോമ്മ ഹയർസെക്കൻഡറി സ്കൂളിൽ തുടങ്ങും. പോളിങ് ശതമാനം 75.87 ആണ്.

മലപ്പുറം ജില്ലാ പ്രതിനിധി M സുരേഷ് ബാബുവിന്റെ റിപ്പോർട്ട്.

........( വോയ്സ്)...............

മൂന്ന് സംസ്ഥാനങ്ങളിലെ നാലു നിയമസഭാ സീറ്റുകളിലെ ഉപതെരഞ്ഞെടുപ്പിലെ വോട്ടെണ്ണലും ഇന്നാണ്. ഗുജറാത്തിൽ രണ്ടും,

പശ്ചിമബംഗാൾ, പഞ്ചാബ് എന്നിവിടങ്ങളിൽ ഓരോ സീറ്റുകളിലുമാണ് ഉപതിരഞ്ഞെടുപ്പ് നടന്നത്.

✪✪✪

രാജ്യത്തെ സർവകലാശാലകളുടെ അസോസിയേഷൻ - AIU സ്ഥാപിതമായതിന്റെ നൂറ് വർഷം ആഘോഷിക്കുന്നതിന് ചേരുന്ന വൈസ് ചാൻസലർമാരുടെ ദ്വിദിന ദേശീയസമ്മേളനം ഇന്ന് നോയിഡയിൽ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ ഉദ്ഘാടനം ചെയ്യും. അമിനിറ്റി സർവകലാശാലയിലാണ് ചടങ്ങ്. 'ഉന്നതവിദ്യാഭ്യാസത്തിന്റെ ഭാവിസങ്കല്പത്തിൽ ഇന്ത്യയുടെ നിർണായക പങ്ക്' എന്നതാണ് സമ്മേളനത്തിന്റെ പ്രമേയം. രാജ്യത്തെ മൂന്നൂറോളം വൈസ് ചാൻസലർമാർ സമ്മേളനത്തിൽ പങ്കെടുക്കും. കൂടാതെ 200 - ഓളം പേർ വെർച്വലായും പങ്കെടുക്കും.

✪✪✪

പാർലമെന്റിന്റെയും സംസ്ഥാന നിയമസഭകളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും എസ്റ്റിമേറ്റ് കമ്മിറ്റികളുടെ രണ്ട് ദിവസത്തെ ദേശീയ സമ്മേളനം ഇന്ന് മുംബൈയിൽ ആരംഭിക്കും. എസ്റ്റിമേറ്റ് കമ്മിറ്റിയുടെ പ്രവർത്തനത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ചാണ് സമ്മേളനം. ലോക്സഭാ സ്പീക്കർ ഓം ബിർളയും, രാജ്യസഭാ ഡെപ്യൂട്ടി ചെയർമാൻ ഹരിവംശ് നാരായൺ സിംഗും സമ്മേളനത്തിൽ പങ്കെടുക്കും. ഭരണ-സമ്പദ് വ്യവസ്ഥയിൽ കാര്യക്ഷമത ഉറപ്പാക്കുന്നതിന് ബജറ്റ് എസ്റ്റിമേറ്റുകളുടെ ഫലപ്രദമായ നിരീക്ഷണത്തിലും അവലോകനത്തിലും എസ്റ്റിമേറ്റ് കമ്മിറ്റിയുടെ പങ്കിനെക്കുറിച്ച് ചർച്ച നടക്കും.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു നടത്തിയ പ്രസംഗങ്ങളെ അടിസ്ഥാനമാക്കിയ 'വിംഗ്സ് ടു ഔർ ഹോപ്സ് - വാല്യം 2' പുസ്തകം രാജ്യാരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് വൈകിട്ട് ന്യൂഡൽഹിയിൽ പുറത്തിറക്കും. ചടങ്ങിൽ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്, കേന്ദ്രസഹമന്ത്രി ഡോ. L. മുരുകൻ എന്നിവരും പങ്കെടുക്കും. പുസ്തകത്തിന്റെ ഇ-പതിപ്പ് ഹിന്ദിയിലും ഇംഗ്ലീഷിലും ലഭ്യമാകും.

✪✪✪

പശ്ചിമേഷ്യയിൽ രണ്ടാഴ്ചയായി തുടരുന്ന ഭൗമരാഷ്ട്രീയ സ്ഥിതിഗതികൾ ഗവൺമെന്റ് സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്ന് കേന്ദ്ര പെട്രോളിയം പ്രകൃതിവാതക മന്ത്രി ഹർദീപ് സിങ് പുരി പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ ഇന്ത്യ കുറച്ചു വർഷങ്ങളായി പ്രകൃതി വാതകങ്ങളുടെ വിതരണത്തിൽ വൈവിധ്യവൽക്കരണം നടപ്പാക്കിയിട്ടുണ്ടെന്നും, ഹോർമുസ് കടലിടുക്ക് വഴി വിതരണം കാര്യമായി

ഇല്ലെന്നും കേന്ദ്രമന്ത്രി സാമൂഹിക മാധ്യമക്കുറിപ്പിൽ അറിയിച്ചു. മാർക്കറ്റിങ് കമ്പനികൾക്ക് വിവിധ റൂട്ടുകൾ വഴി ഇന്ധനം ലഭിക്കുന്നുണ്ടെന്നും, ഇന്ധന വിതരണത്തിൽ സ്ഥിരത ഉറപ്പാക്കാൻ ആവശ്യമായ എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടെന്നും ഹർദീപ് സിങ് പുരി പറഞ്ഞു.

✪✪✪

ലോകത്തിലെ ഏറ്റവും നിർണായകമായ എണ്ണ, വാതക ഷിപ്പിംഗ് റൂട്ടായ ഹോർമുസ് കടലിടുക്ക് അടച്ചുപൂട്ടാൻ ഇറാൻ പാർലമെന്റ് ഏകകണ്ഠമായി തീരുമാനമെടുത്തു. ഫോർഡോ, നതാൻസ്, ഇസ്ഫഹാൻ എന്നിവിടങ്ങളിലെ ഇറാനിയൻ ആണവ കേന്ദ്രങ്ങളിൽ യുഎസ് നടത്തിയ വ്യോമാക്രമണത്തെ തുടർന്നാണിത്. അടച്ചുപൂട്ടൽ നടപ്പാക്കാൻ അന്തിമ അധികാരം ഇറാന്റെ സുപ്രീം നാഷണൽ സെക്യൂരിറ്റി കൗൺസിലിനാണ്. ഔപചാരിക ഉത്തരവ് ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല. പാർലമെന്റിന്റെ തീരുമാനം ആഗോള സാമ്പത്തിക പ്രശ്നങ്ങൾക്ക് കാരണമായേക്കാം.

ഇറാൻ നീക്കത്തെ 'സാമ്പത്തിക ആത്മഹത്യ' എന്നാണ് US സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ വിശേഷിപ്പിച്ചത്. കടലിടുക്ക് അടച്ചുപൂട്ടുന്നത് ശക്തമായ അമേരിക്കൻ, സഖ്യകക്ഷി സൈനിക പ്രതികരണത്തിന് കാരണമാകുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി. അടച്ചുപൂട്ടൽ തടയാൻ ചൈന അടിയന്തിരമായി ഇടപെടണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

✪✪✪

ഇറാനുമായി അമേരിക്ക യുദ്ധത്തിലല്ലെന്നും, അവരുടെ ആണവ പദ്ധതിക്കെതിരായാണ് അമേരിക്ക നിലകൊള്ളുന്നതെന്നും US വൈസ് പ്രസിഡണ്ട് J.D വാൻസ് പറഞ്ഞു. അമേരിക്ക നയതന്ത്രവാതിൽ തുറന്നിട്ടിരിക്കുകയാണെന്നും, ഇറാന്റെ പരമോന്നത നേതാവ് ആയത്തുള്ള അലി ഖമേനിയെ അട്ടിമറിയ്ക്കാൻ ശ്രമിക്കുന്നില്ലെന്നും അദ്ദേഹം അമേരിക്കൻ ടെലിവിഷനോട് വ്യക്തമാക്കി. സമാധാനപരമായ പരിഹാരമാണ് അമേരിക്ക ആഗ്രഹിക്കുന്നതെന്നും നയതന്ത്ര നീക്കത്തിന് ഇറാൻ ഒരിക്കലും യഥാർത്ഥ അവസരം നൽകിയില്ലെന്നും JD വാൻസ് ആരോപിച്ചു.

✪✪✪

ഓപ്പറേഷൻ മിഡ്നൈറ്റ് ഹാമറിനിടെ, ഇറാനെതിരെ യുദ്ധവിമാനങ്ങൾക്കായി അമേരിക്ക, ഇന്ത്യയുടെ വ്യോമാതിർത്തി ഉപയോഗിച്ചെന്ന തരത്തിൽ പ്രചരിക്കുന്ന സാമൂഹിക മാധ്യമപോസ്റ്റുകൾ വ്യാജമാണെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഫാക്ട് ചെക്ക് യൂണിറ്റ് വ്യക്തമാക്കി. ഓപ്പറേഷനു വേണ്ടി US വിമാനങ്ങൾ ഉപയോഗിച്ച വ്യോമപാതകളെക്കുറിച്ച് അമേരിക്കൻ ജോയിന്റ് ചീഫ്സ് ഓഫ് സ്റ്റാഫ് ചെയർമാൻ, ജനറൽ ഡാൻ

കെയ്ൻ പ്രത്യേക വാർത്താസമ്മേളനത്തിൽ വിശദീകരിച്ചിട്ടുണ്ടെന്നും PIB വ്യക്തമാക്കി.

✪✪✪

ഈജിപ്ഷ്യൻ വിദേശകാര്യ മന്ത്രി ബദർ അബ്ദലട്ടിയുടെ ഇന്ന് ആരംഭിക്കാനിരുന്ന ഇന്ത്യാ സന്ദർശനം മാറ്റിവച്ചു. പശ്ചിമേഷ്യൻ സംഘർഷങ്ങളുടെ പശ്ചാത്തലത്തിലാണ് തീരുമാനം. ഈ വർഷം ഇത് രണ്ടാം തവണയാണ് ഈജിപ്ഷ്യൻ വിദേശകാര്യ മന്ത്രി ഇന്ത്യാ സന്ദർശനം മാറ്റിവയ്ക്കുന്നത്.

✪✪✪

അഹമ്മദാബാദ് വിമാനാപകടത്തിൽ മരിച്ച എയർഇന്ത്യ കാബിൻ ക്രൂ അംഗം കോങ്ബ്രെ ലാത്പം നങ്തോയ് ശർമ്മയുടെ മൃതദേഹം ഇന്നലെ മണിപ്പൂരിലെ വീട്ടിലെത്തിച്ചു. ഉച്ചയോടെ ഇംഫാൽ അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തിച്ച ഭൗതിക ശരീരത്തിൽ മണിപ്പൂർ ചീഫ് സെക്രട്ടറി പ്രശാന്ത് കുമാർ സിങ് ഉൾപ്പെടെ നിരവധി പ്രമുഖർ പുഷ്പാർചന നടത്തി. വിമാനത്താവളത്തിലെ ചടങ്ങുകൾക്ക് ശേഷം മൃതദേഹം തുറന്ന വാഹനത്തിൽ ജന്മനാടായ തൗബാലിലേക്ക് കൊണ്ടുപോയി.

✪✪✪

ഇന്ന് ഐക്യരാഷ്ട്ര സംഘടനാ പൊതുസേവന ദിനം. ആഗോളതലത്തിൽ ജനങ്ങൾക്ക് സേവനം ചെയ്യുന്നതിൽ പൊതുപ്രവർത്തകരുടെ സംഭാവനകളെ ആദരിക്കുന്നതിനാണ് എല്ലാവർഷവും ജൂൺ 23ന് UN പൊതുസേവന ദിനം ആചരിക്കുന്നത്. സുസ്ഥിര വികസനം, സുതാര്യമായ ഭരണം, പൗരന്മാർക്ക് അവശ്യ സേവനങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിൽ പൊതുസേവകരുടെ പങ്ക് വ്യക്തമാക്കുന്നതാണ് ദിനാചരണം. 2030 വരെ അഞ്ച് വർഷങ്ങൾ: സുസ്ഥിരമായ ഭാവിക്കായി പൊതു സേവന വിതരണം ത്വരിതപ്പെടുത്തൽ എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

✪✪✪

ഇന്ന് അന്താരാഷ്ട്ര ഒളിമ്പിക് ദിനം. കായികമേഖലയിലും ആരോഗ്യകരമായ ജീവിതശൈലിയിലും ജനങ്ങളെ ആകർഷിക്കുന്നതിനാണ് എല്ലാവർഷവും ജൂൺ 23 അന്താരാഷ്ട്ര ഒളിമ്പിക് ദിനമായി ആചരിക്കുന്നത്. 'കൂടുതൽ പ്രചോദനത്തിനും കൂട്ടായ്മക്കും സന്തോഷത്തിനും വേണ്ടി നമുക്ക് ഒന്നിച്ച് നീങ്ങാം' എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

ഒളിമ്പിക് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് വിവിധ പരിപാടികൾ സംഘടിപ്പിക്കും. വൈകിട്ട് നാലിന് തിരുവനന്തപുരം മാനവീയംവീഥിയിൽ നിന്ന് ആരംഭിക്കുന്ന കൂട്ടയോട്ടം മുഖ്യമന്ത്രി പിണറായി വിജയൻ, ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് പി.ടി ഉഷ , മന്ത്രിമാരായ വി ശിവൻകുട്ടി, എം ബി രാജേഷ്, ചീഫ് സെക്രട്ടറി ഡോ. A ജയതിലക്, സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡണ്ട് U ഷറഫലി എന്നിവർ ചേർന്ന് ഉൾപ്പെടെ ഫ്ലാഗ് ഓഫ് ചെയ്യും. സെൻട്രൽ സ്റ്റേഡിയത്തിലാണ് കൂട്ടയോട്ട സമാപനം.

കോഴിക്കോട്ട് ഒളിംബിക് ദിനാചരണം വൈകീട്ട് മാനാഞ്ചിറ സ്ക്വയറിൽ മന്ത്രി AK ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ കലക്ടർ സ്നേഹിൽകുമാർ സിംഗ് ഒളിംബിക് ദീപശിഖ തെളിക്കും.

പാലക്കാട് ഒളിമ്പിക് ദീപശിഖാ റാലി രാവിലെ വിക്ടോറിയാ കോളേജ് പരിസരത്ത് V.K.ശ്രീകണ്ഠൻ M.P ഫ്ളാഗ് ഓഫ് ചെയ്യും. കോട്ടമൈതാനത്ത് സമാപന പരിപാടി മന്ത്രി K.കൃഷ്ണൻകുട്ടിയും ഉദ്ഘാടനം ചെയ്യും.

മയക്കു മരുന്നിന് എതിരെ കായികം എന്ന സന്ദേശം ഉയർത്തി കണ്ണൂർ ജില്ലാ ഒളിംപിക് അസോസിയേഷന്റെ നേതൃത്വത്തിൽ രാവിലെ കണ്ണൂരിൽ ഒളിംപിക് റൺ സംഘടിപ്പിക്കും. മുനിസിപ്പൽ സ്റ്റേഡിയത്തിൽ നിന്ന് ആരംഭിച്ച് കണ്ണൂർ നഗരം ചുറ്റി മുനിസിപ്പൽ സ്റ്റേഡിയത്തിൽ തന്നെ റൺ അവസാനിക്കും.

✪✪✪

ഇന്ത്യ-ഇംഗ്ലണ്ട് ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫി ക്രിക്കറ്റ് ടെസ്റ്റിൽ ഒന്നാം ഇന്നിങ്സിൽ ഇന്ത്യക്ക് ലീഡ്. ലീഡ്സിൽ ഇംഗ്ലണ്ടിനെ 465 റൺസിന് പുറത്താക്കിയാണ് ഇന്ത്യ ആറു റൺസിന്റെ ലീഡ് നേടിയത്. ഒന്നാം ഇന്നിങ്സിൽ ഇന്ത്യ 471 റൺസാണെടുത്തത്.

രണ്ടാം ഇന്നിങ്സിൽ ഇന്നലെ കളി അവസാനിക്കുമ്പോൾ രണ്ട് വിക്കറ്റ് നഷ്ടത്തിൽ ഇന്ത്യ 90 റൺസെടുത്തു. വൈകിട്ട് മൂന്നരക്ക് മത്സരം പുനരാരംഭിക്കും.

✪✪✪

78-ാമത് സീനിയർ നാഷണൽ അക്വാറ്റിക് ചാമ്പ്യൻഷിപ്പിന് ഭുവനേശ്വർ കലിംഗ സ്റ്റേഡിയത്തിലെ ഇൻഡോർ അക്വാറ്റിക് സെന്ററിൽ തുടക്കമായി. സ്വിമ്മിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന ചാമ്പ്യൻഷിപ്പിൽ രാജ്യത്തെ 400-ലധികം താരങ്ങൾ മാറ്റുരയ്ക്കും.

✪✪✪

ബെൽജിയത്തിൽ FIH പ്രോ ലീഗ് പുരുഷ ഹോക്കിയിൽ ഇന്ത്യക്ക് തോൽവി. മൂന്നിനെതിരെ നാലു ഗോളിന് ആതിഥേയരായ ബെൽജിയമാണ് ഇന്ത്യയെ

പരാജയപ്പെടുത്തിയത്. വനിതാ ഹോക്കിയിലും എതിരില്ലാത്ത രണ്ട് ഗോളിന് ഇന്ത്യ ആതിഥേയരോട് പരാജയപ്പെട്ടു.

✪✪✪

സംസ്ഥാനത്ത് വ്യാപക മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്ന് മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

✪✪✪

തൃശ്ശൂർ ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു. മുൻകൂട്ടി നിശ്ചയിച്ച പരീക്ഷകൾക്കും അഭിമുഖങ്ങൾക്കും മാറ്റമില്ല.

✪✪✪

പാലക്കാട് കമ്പാലത്തറ ഡാമിൽ ഒഴുക്കിൽ പെട്ട് കാണാതായ രണ്ടു വിദ്യാർത്ഥികളുടെയും മൃതദേഹങ്ങൾ കണ്ടെത്തി. പുതുനഗരം സ്വദേശി കാർത്തിക്, അണിക്കോട് സ്വദേശി വിഷ്ണു പ്രസാദ് എന്നിവരാണ് മരിച്ചത്. പ്ലസ് ടു വിദ്യാർത്ഥികളായ ഇവർ സുഹൃത്തുക്കൾക്കൊപ്പം ഡാമിൽ കുളിക്കാൻ ഇറങ്ങിയപ്പോഴാണ് അപകടത്തിൽ പെട്ടത്.

✪✪✪

ട്രെയിനിൽ നിന്ന് തെറിച്ച് വീണ് കാഞ്ഞങ്ങാട്ടെ നഴ്സിംഗ് വിദ്യാർത്ഥി മരിച്ചു. ആലക്കോട് കാർത്തികപുരത്തെ അബി.K.ബിനുവാണ് കാഞ്ഞങ്ങാട് റെയിൽവേ സ്റ്റേഷനിനടുത്ത് ഇന്നലെ മരിച്ചത്. 22 വയസ്സായിരുന്നു.

✪✪✪

അടിയന്തരാവസ്ഥ കാലത്തെ ജനാധിപത്യ ധ്വംസനങ്ങളെക്കുറിച്ച് പുതിയ തലമുറയ്ക്ക് അറിവ് പകർന്നു കൊടുക്കണമെന്ന് ഗോവ ഗവർണർ P.S ശ്രീധരൻ പിള്ള അഭിപ്രായപ്പെട്ടു. 'അടിയന്തരാവസ്ഥ പാഠവും പഠനവും' എന്ന വിഷയത്തിൽ 'വിജിൽ ഹ്യൂമൻ റൈറ്റ്സ്' കോഴിക്കോട് സംഘടിപ്പിച്ച പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader: ശരണ്യ രാജൻ*
*CNRT: ഫസ്ന ഫാത്തിമ*
*DEO: ഷീബ*